12401
23/7/19

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-ഇടുക്കി ജില്ല- 21/06/2019-ന് ജുഡീഷ്യൽ കസ്റ്റഡിയിൽ ഇരിക്കവേ പീരുമേട് താലൂക്കാശുപത്രിയിൽ വച്ച് മരണമടഞ്ഞ വാഗമൺ സ്വദേശി രാജ് കുമാറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

G.O.(Ms)No.233/2019/RD    തീയതി,തിരുവനന്തപുരം, 23/07/2019

**ഉത്തരവ്**

21/06/2019-ന് ജുഡീഷ്യൽ കസ്റ്റഡിയിൽ ഇരിക്കവേ പീരുമേട് താലൂക്കാശുപത്രിയിൽ വച്ച് മരണമടഞ്ഞ വാഗമൺ സ്വദേശി രാജ് കുമാറിന്റെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് രാജ് കുമാറിന്റെ 3 മക്കൾക്കും (നേഴ് സിംഗിന് പഠിക്കുന്ന മകൾ ജെസ്സി, ബി.കോമിന് പഠിക്കുന്ന മകൻ ജോഷി, ഹൈസ്കൂൾ വിദ്യാർത്ഥിയായ മകൻ ജോബി) മാതാവിനും (കസ്തൂരി 73 വയസ്സ്) ഒരാൾക്ക് 4 ലക്ഷം രൂപ വീതം ആകെ 16 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കുട്ടികളുടെ പേരിലനുവദിക്കുന്ന തുക ദേശസാൽകൃത ബാങ്കിൽ സ്ഥിരനിക്ഷേപംനടത്തുന്നതിനും പലിശ കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റു ചെലവുകൾക്കുമായി രക്ഷകർത്താവിന് പിൻവലിക്കാൻ സൗകര്യപ്പെടുത്തുന്നതിനും 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപം പിൻവലിച്ച് തുക കുട്ടികൾക്ക് ലഭിക്കുന്ന വിധത്തിലും മാതാവായ ശ്രീമതി.കസ്തൂരിയുടെ പേരിൽ അനുവദിക്കുന്ന തുക ദേശസാൽകൃത ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തുന്നതിനും പലിശ ശ്രീമതി.കസ്തൂരിയുടെ ദൈനംദിന ആവശ്യത്തിനായി ലഭിക്കത്തക്കവിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

വിതരണത്തിനാവശ്യമായി വരുന്ന 16,00,000/- രൂപ (പതിനാറ് ലക്ഷം രൂപാ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി ജില്ലാ കളക്ടർ എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
VENU V
PRINCIPAL SECRETARY

ജില്ലാ കളക്ടർ, ഇടുക്കി

തഹസീൽദാർ, പീരുമേട്

ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു റവന്യൂവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

റവന്യൂ (ഡിആർഎഫ്-ബി,സി) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

പകർപ്പ് - പൊതുഭരണ (എസ്.സി) വകുപ്പ് (17/07/2019-ലെ മന്ത്രിസഭായോഗ തീരുമാന

ഇനം . നം.3194.0 .Aഅനുസരിച്ച്.)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ